മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

CBCSS 2013 - ബിരുദ പരീക്ഷക്ക് കരസ്ഥമാക്കിയ ക്യൂമുലേറ്റീവ് ക്രെഡിറ്റ് പോയിന്റ് ആവറേജ് (CGPA) അടിസ്ഥാനപ്പെടുത്തി ശതമാനം കണക്കാക്കുന്നത് സംബന്ധിച്ച് - ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സന്റെ ശിപാർശ - അക്കാഡമിക് കൗൺസിൽ അംഗീകരിച്ചു- ഉത്തരവ് പുറപ്പെടുവിക്കുന്നു ,

.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 146/2019/MGU-ADMINISTRATION തീയതി: 16.01.2019

---

പരാമർശം:-1.29.09.2018 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

2.08.11.2018ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നം 01/18.09/182236

**ഉത്തരവ്**

2013-2016 കാലയളവിൽ CBCSS ബി കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ വിദ്യാർത്ഥിയായിരുന്ന ശ്രീ ബിൻറൺ സോയ്, 3500 ൽ 1719 മാർക്കും 'D' ഗ്രേഡിൽ CGPA 5.59 ഉം കരസ്ഥമാക്കി വിജയിച്ചിരുന്നു. ക്രെഡിറ്റ് സമ്പ്രദായത്തിൽ 50% മുതൽ 59%വരെയുള്ള മാർക്ക് സ്ലാബിൽ വരുന്ന മാർക്ക് ലഭിച്ചതിനെ തുടർന്ന് ഈ വിദ്യാർത്ഥി ഉപരിപഠനത്തിനു വേണ്ടി 50% മാർക്ക് ബിരുദത്തിനു ലഭിച്ചിട്ടുണ്ട് എന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു . എന്നാൽ 3500 ൽ 1719 എന്ന മാർക്കിന്റെ ശതമാനം കണക്കാക്കുമ്പോൾ 49.1% മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന സാഹചര്യത്തിൽ, വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം കോമേഴ്സ് ഫാക്കൽറ്റി ഡീനിന്റെ അഭിപ്രായം തേടുകയും തുടർന്ന് കോമേഴ്സ് ഫാക്കൽറ്റി ഡീനിന്റെ അഭിപ്രായ പ്രകാരം ഈ വിഷയത്തിൽ യു ജി കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപഴ്സന്റെ ശിപാർശകൾ തേടുകയും ചെയ്തിരുന്നു. യു ജി കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപഴ്സന്റെ ശിപാർശകൾ 07.08.2018 ന് അക്കാഡമിക് കൗൺസിലിൻറെ പരിഗണനയ്ക്കു സമർപ്പിച്ചിരുന്നു. പരാമർശം (1) പ്രകാരം അക്കാഡമിക് കൗൺസിൽ യോഗം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു.

ശ്രീ ബിൻറൺ സോയ്ക്ക് ലഭിച്ച 5.59 ക്യൂമുലേറ്റീവ് ക്രെഡിറ്റ് പോയിന്റ് ആവറേജ് (CCPA) 2013 സി ബി സി എസ് എസ് റെഗുലേഷൻ പ്രകാരം 50% മുതൽ 59%വരെയുള്ള മാർക്ക് സ്ലാബിൽ വരുന്നതിനാൽ ബിൻറൺ സോയ്യ്ക്ക് ലഭിച്ച ശതമാനം 55.9 ആയി നിജപ്പെടുത്താനും , മാർക്കിന്റെ ശതമാനം CCPA അടിസ്ഥാനമാക്കിയുള്ള 55.9% ആയി നിജപ്പെടുത്താനും തീരുമാനിച്ചു.

പരാമർശം (2) പ്രകാരം മേൽ തീരുമാനം 08.11.2018 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ചിരുന്നു.

തദനുസരണം രജിസ്ട്രാർക്കു വേണ്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #1 of File 1903/AC A9/2016/AC A 9 Approved by ASSISTANT REGISTRAR III ACADEMIC on 16-Jan-2019 10:11 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

DILEEP KUMAR R

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1.ശ്രീ ബിൻറൺ സോയ്

2.യു ജി കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൺ

3.വി സി/ പി വി സി എന്നിവരുടെ പി എസ്

4.രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ

5.ജെ ആർ II/ ഡി ആർ II/ എ ആർ III(അക്കാദമിക്)

6.ജെ ആർ-I/ ഡി ആർ IV/ എ ആർ XV/ എ ആർ XIX(സി ബി സി എസ് പരീക്ഷാ വിഭാഗം)

7. ഇ ബി XIസെക്ഷൻ /ഇ ബി XIIസെക്ഷൻ / എ സി സി സെക്ഷൻ 8.കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

9.ഐ ക്യൂ എ സി/ സിസ്റ്റം മാനേജർ/CETEX

10 സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #1 of File 1965/AC A9/3/2018/AC A 9 Approved by ASSISTANT REGISTRAR III ACADEMIC on 18-Jan-2019 10:11 AM - Page 2